പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.111 — 01.07.2015 ലെ മറുപടിയ്ക്ക്

**വിജിലൻസ് അന്വേഷണം നേരിടുന്ന വൈസ്ചാൻസലർമാർ**

ചോദ്യം — ഉത്തരം

ശ്രീ.എ.പ്രദീപ്കുമാർ
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.വി.ശിവൻകുട്ടി

ശ്രീ.പി.കെ.അബ്ദു റബ്ബ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർവകലാശാലകളിൽ വൈസ് ചാൻസലർ ഉൾപ്പെടെ ഉന്നത പദവിയിലുള്ളവർ വിവിധ കേസുകളിൽ പ്രതികളായി അന്വേഷണം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഏതെല്ലാം സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ; പ്രതിചേർക്കപ്പെട്ടവർ ആരെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) & (സി) | കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ എന്നിവരടക്കം 4 പേർക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകിയതു സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | |
| (ഡി) | വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകാനിടയായ കാരണങ്ങൾ വിശദമാക്കാമോ; | (ഡി) | തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്കു വിരുദ്ധമായി പുന:പരീക്ഷ നടത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 14.05.2015 ന് ആണ് വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തത്. |
| (ഇ) | അന്വേഷണം നേരിടുന്ന വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ള ഉന്നതരെ തൽസ്ഥാനത്തു നിന്നു നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഇ) | PC Act 13(1)@(d) r/w 13(2) ഉം IPC 120(B) 409 പ്രകാരവും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നുണ്ട്. സർവകലാശാലകളിലെ വൈസ് ചാൻസലർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു.ചാൻസലറിൽ നിക്ഷിപ്തമാണ്. സർക്കാരിന് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ